# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏറത്ത് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P10/777/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/09/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറത്ത് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P10/777/2024

തീയ്യതി: 05/09/2024

# പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-07-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ കുമാർ റ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-07-2024 | 27-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-07-2024 | 27-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ് ചാത്തന്നൂപ്പുഴ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ സിജു പി. | സെക്രട്ടറി | 01-04-2023 | 09-07-2023 |
| ശ്രീമതി കനകമണി ബി | സെക്രട്ടറി | 10-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉദീഷ് യു. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 18-07-2023 |
| ശ്രീമതി സുനില എൻ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2023 | 31-03-2024 |
| ശ്രീമതി ചിത്ര വി.ആർ. | കൃഷി ഓഫീസർ | 01-04-2023 | 05-05-2023 |
| ശ്രീമതി സൌമ്യ ശേഖർ | കൃഷി ഓഫീസർ | 06-05-2023 | 31-03-2024 |
| ശ്രീമതി നിഷ എസ് പി | വെറ്റിനറി സർജൻ(വയല) | 01-04-2023 | 31-03-2024 |
| ശ്രീമതി അനിത ജി | വെറ്ററിനറി സർജ്ജൻ (ഏറത്ത്) | 01-04-2023 | 13-07-2023 |
| ശ്രീമതി ഷേർലി ചെറിയാൻ | വെറ്ററിനറി സർജ്ജൻ (ഏറത്ത്) | 14-07-2023 | 31-03-2024 |
| ഡോ. ദിവ്യ എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 02-07-2023 |
| ഡോ അഖില രാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 03-07-2023 | 31-03-2024 |
| ഡോ മാൻസി അലക്സ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 04-11-2023 |

| | | | |
|---|---|---|---|
| ഡോ സൂര്യലക്ഷ്മി പി ബി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 05-11-2023 | 14-02-2024 |
| ഡോ തത്ത ദമനൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 15-02-2024 | 31-03-2024 |
| ശ്രീമതി ശരണ്യ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 22-07-2023 |
| ശ്രീ ബാബു സാമുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-07-2023 | 31-03-2024 |
| ശ്രീമതി സജിന ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2023 | 13-08-2023 |
| ശ്രീ സ്വരാജ് റസ്സൽ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 14-08-2023 | 31-03-2024 |
| ശ്രീ ഷിബുമോൻ എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2023 | 06-09-2023 |
| ശ്രീമതി സരിക സി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 07-09-2023 | 31-03-2024 |
| ശ്രീമതി സരള ബി. | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 19-06-2023 |
| ശ്രീമതി ഏലിയാമ്മ ജി | ഹെഡ്മിസ്ട്രസ്സ് | 20-06-2023 | 31-03-2024 |
| ശ്രീ സുരേഷ് കുമാർ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 18-07-2023 |
| സുനിൽ കുമാർ എസ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2023 | 31-08-2023 |

| | | | |
|---|---|---|---|
| ശ്രീ അരുൺ കുമാർ ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-09-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | Prior Period Items-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി-വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക നില | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപെൻഷൻ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 18 | നികുതി പിരിവ് ഊർജിതമാക്കേണ്ടതാണ് | 1-11 |
| 19 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 20 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-13 |
| 21 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-14 |

| | | |
|---|---|---|
| 22 | അനധികൃത നിർമ്മാണങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല | 1-15 |
| 23 | വാടകയിനത്തിൽ മുൻവർഷത്തെ കുടിശ്ശികയായ 17660 രൂപ ഈടാക്കാനായിട്ടില്ല | 1-16-1 |
| 24 | വാടക ഇനത്തിലുള്ള വരുമാനം കുറയുന്നു | 1-16 |
| 25 | വാണിജ്യ കെട്ടിടത്തിന് താല്ക്കാലിക ഒക്യുപെൻസി- തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ് | 1-17 |
| 26 | പ്രവർത്തിക്കാത്ത പൊതു ടാപ്പുകൾക്കും ജല അതോറിറ്റി ബിൽ നൽകുന്നു | 1-18 |
| 27 | അഗതിരഹിതകേരളം പദ്ധതിയിൽ അനർഹർ - ഭക്ഷണകിറ്റ് നൽകിയത് 1 മാസം മാത്രം | 1-19 |
| 28 | പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിന് മുൻവർഷം ഏറ്റെടുത്ത പദ്ധതികൾക്ക് തുടർമോണിട്ടറിംഗ് ഇല്ല | 1-20 |
| 29 | ജലജീവൻമിഷൻ പദ്ധതി - മോണിട്ടറിംഗ് ഇല്ല | 1-21 |
| 30 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ - പൂർണ്ണതോതിൽ നടപ്പാക്കിയില്ല | 1-22 |
| 31 | അടിസ്ഥാന സൗകര്യങ്ങളും, ലൈബ്രേറിയനും ഉണ്ടായിട്ടും പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല | 1-23 |
| 32 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്ക് വ്യക്തമായ രേഖകളില്ല | 1-24 |
| 33 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ടേക്ക്-എ-ബ്രേക്ക് ശുചിമുറി അടച്ചുപൂട്ടിയ നിലയിൽ | 1-25 |
| 34 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തിരിച്ചറിയാനാകാതെ 13 ലക്ഷം | 1-26 |
| 35 | എഗ്രിമെന്റ് വെച്ച മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്താതെ ഉപേക്ഷിക്കുന്നു | 1-27 |
| 36 | പാർട്ട് ബിൽ കൈപ്പറ്റിയ കാരറുകാരൻ പ്രവൃത്തി പൂർത്തീയാക്കിയില്ല | 1-28 |
| 37 | കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയില്ല | 1-29 |

| | | |
|---|---|---|
| 38 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകിയില്ല | 1-30 |
| 39 | ലൈഫ് പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-31 |
| 40 | പഞ്ചായത്ത് കമ്മിറ്റി യോഗ മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല | 1-32 |
| 41 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതുവായ അപാകതകൾ | 1-33 |
| 42 | ഹെൽത്ത് ഗ്രാന്റ് -തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-34 |
| 43 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം | 1-35 |
| 44 | മുൻകൂർ തുക നൽകിയിട്ടും ഹോമിയോ മരുന്നുകൾ ലഭിച്ചില്ല | 1-36 |
| 45 | വനിതാ ഘടക പദ്ധതി - പദ്ധതി ആസൂത്രണഘട്ടത്തിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-37 |
| 46 | പഞ്ചായത്ത് പുറമ്പോക്ക് കൈയ്യേറിയത് ഒഴിപ്പിക്കാൻ നടപടി അനിവാര്യം | 1-38 |
| 47 | സ്ട്രീറ്റ് ലൈൻ നീട്ടൽ - നടപ്പിലാക്കാത്ത പ്രവൃത്തിയുടെ തുക തിരികെ ലഭിച്ചില്ല | 1-39 |
| 48 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-40 |
| 49 | തുല്യതാപഠനം-വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1-41 |
| 50 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹമായ മുഴുവൻ കാലയളവിലും ആനുകൂല്യം നല്കിയിട്ടില്ല | 1-42 |
| 51 | മാലിന്യശേഖരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-43 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, ‹ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2 ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2024-ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാ 01.06.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്ക ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയു ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഒ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന് ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്ത

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയ പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തി തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുക ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ട എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്ര അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വി അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയു അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമാ സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാ പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
05/09/2024

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള ര കണക്ക് (Ratios) വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേ എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നര ഷെഡ്യൂളുകളിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-3 Prior Period Items-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, ( എന്നിവ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-19 പ്രകാരം Prior Period Income ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, ( അനുബന്ധമായി നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്ക താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുക വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | | |
|---|---|---|
| 190100101 | Prior Period Income-Property Tax | 55 |
| 190200201 | Prior Period Income-Licence Fees | 20 |
| 190200401 | Prior Period Income-Other Incomes | 21 |

## 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റി സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6919013 രൂപയാണ്. എന്നാൽ ഇര കാലയളവിൽ "Net Cash Generated By Operating+Investing+Financ രേഖപ്പെടുത്തിയിരിക്കുന്നത് -14286100 രൂപയാണ്. അംഗീകരിക്ക സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം നിക്ഷേപങ്ങളുടെ വിവരം ഇന രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തു ബോധ്യപ്പെട്ടിട്ടില്ല.

## 1-1-6 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷ

വിവിധ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ( 5,66,753 രൂപയുടേയും കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപി രൂപയുടേയും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുകയിൽ 4 അംഗീകൃത ഏജൻസികൾക്ക് നൽകിയ തുകയിൽ 1,66,600 രൂപയു പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതായി വാർഷിക ധന വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് ന വിവരം ലഭ്യമല്ലാത്തതിനാൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ബോധ്യപ്പെട്ടിട്ടില്ല.

## 1-1-7 വസ്തുനികുതി-വാർഷിക കണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുത ബാലൻസ് തുകകളിൽ സഞ്ചയ പ്രകാരമുള്ള തൻവർഷത്തെ കള വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നത്. മറ്റ് കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്.

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 24.03.2023 തീയതിയി പ്രകാരം അംഗീകരിച്ചു. 8180150 രൂപ മുന്നിരിപ്പും 360052600 രൂപ പ്രതീക രൂപ പ്രതീക്ഷിത ചെലവും 4802650 രൂപ പ്രതീക്ഷിത നീക്കിയിര അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 09.02.2024(X-ാം ന അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക നില

| | റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | ഇൻകം & എക്സ്പെൻഡ |
|---|---|---|
| മുന്നിരിപ്പ് | 32468354 | |
| വരവ് | 60418456 | 18 |
| ആകെ | 92886810 | |

| | | |
|---|---|---|
| ചെലവ് | 53499443 | 19 |
| നീക്കിയിരിപ്പ് | 39387367 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21426000 | 21426000 | 19095436 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11114000 | 11114000 | 8316203 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 24175350 | 24175350 | 20122621 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 3596000 | 3596000 | 3442241 |
| സി.എഫ്.സി. (ടൈഡ്) | 4406596 | 2661000 | 7067596 | 2824117 |
| സി.എഫ്.സി. (അൺ-ടൈഡ്) | 1573093 | 3735703 | 5308796 | 3660693 |

[സി.എഫ്.സി. ബേസിക് ഗ്രാന്റ് വരവിൽ ഉൾപ്പെട്ടിട്ടുള്ള 187703 രൂപ വരവാണ്]

**കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഐ.സി.ഡി.എസ്. | 367614 | 1826722 | 2194336 | 1293143 |
| ശുചിത്വ മിഷൻ | 2451033 | 882370 | 3333403 | 882370 |
| ഹെൽത്ത് ഗ്രാന്റ് | 402466 | 1296648 | 1699114 | 879620 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 500000 | 500000 | 0 |
| ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | 1871839 | 8440000 | 10311839 | 5460000 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ വിഭാഗങ്ങള കുറവുചെയ്ത തുക വരവിൽ (അലോട്ട്മെന്റിൽ) ഉൾപ്പെടുത്തിയ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) |
|---|---|
| വികസന ഫണ്ട് (ജനറൽ) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് |
| വികസന ഫണ്ട് (ജനറൽ) | അങ്കണവാടി അധിക വേതനം |
| വികസന ഫണ്ട് (ജനറൽ) | ജി.ഒ.(എം.എസ്.)നം.179/2022/ ധന. തീ.18/10/22 പ്രകാരം കുറവ് ചെയ്തത് |
| വികസനഫണ്ട് (എസ്.സി.പി.) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് |

## 1-5 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തത് |
|---|---|---|---|---|
| 298 | 262789610 | 196 | 85177179 | 102 |

### വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 12 | 5395800 |
| 2 | വെറ്ററിനറി സർജ്ജൻ | 13 | 10 | 4306348 |
| 3 | മെഡിക്കൽ ഓഫീസർ, | 11 | 11 | 4805214 |

| | | | | |
|---|---|---|---|---|
| | എഫ്.എച്ച്.സി. | | | |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 700000 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 9 | 14872327 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6 | 657000 |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 34 | 26 | 948541 |
| 8 | ഹെഡ് മാസ്റ്റർ | 4 | 0 | 192500 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 188 | 109 | 7531145 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 190000 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 366710 |
| | **ആകെ** | **298** | **196** | **26278961** |

[സുലേഖ പോർട്ടലിൽ ലഭ്യമായ ചെലവ് പത്രികയിലെ ആകെ അട
പ്രോജക്കുകളുടെ അടങ്കൽ ഉൾപ്പെട്ടിട്ടില്ല]

2023-24 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പുകൾ ((പൊതുമരാമ
ചെറുകിട വ്യവസായം, പാർപ്പിടം മുതലായവ) യോഗം ചേർന്ന
രൂപീകരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സ്വീകരിച്ചിട്ടുള്ള
വിവരം മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മിനിട്ട്സ് ബുക്കിലെ
അഭാവത്തിൽ, പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ
ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സർക്കാർ
മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേ
അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്കുകൾ രൂപീകരിക്കു
നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുന്നതിനും
സാധിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീ |
|---|---|---|---|---|---|
| ഭരണച്ചെലവ് | 51660 | 2011135 | 2062795 | 2060962 | |
| തൊഴിലാളികളുടെ വേതനം | 0 | 43362889 | 43362889 | 43362889 | |
| ആകെ | 51660 | 45374024 | 45425684 | 45423851 | |

## 1-7 ക്ഷേമപെൻഷൻ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2641 | |
| വിധവാ പെൻഷൻ | 1103 | |
| കർഷകത്തൊഴിലാളി പെൻഷൻ | 55 | |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 318 | |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 50 | |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക 2024, 4.00 P.M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ട നീക്കിയിരുപ്പ് തുകയായ 33554 (മുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി അൻ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമ ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. തൊഴിര ഫീ എന്നിവയുടെ ഡിമാന്റ് കൃത്യമായി കണക്കാക്കി രജിസ്റ്ററിൽ വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിമാന്റ് പൊരുത്തപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാവസാന അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള കണ പൊരുത്തപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്ററും കൃത്യമായി പരിപ നികുതി ഈടാക്കേണ്ട ട്രേഡർമാരുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. സ്ഥാപന പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ സ്ഥാപനങ്ങളും ലൈസൻ സ്ഥാപനങ്ങളിലെ ബാധകമായ എല്ലാ ജീവനക്കാരിൽ നിന്ന ഈടാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഷേ കടമുറികൾ നാളിതുവരെ പുനർലേലം നടത്തിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. മിനിട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ ക്ലോസ് ചെയ്യുന്നില്ല. ബാങ്ക് അക്കൗണ്ടുകളുടെ റെക്കൺസിലേ

കൃത്യമായി നടത്തുന്നുണ്ട്. നികുതി, നികുതിയേതര വരുമാനം അ
ലഭിക്കുന്ന തുകകളുടെ വിവരം ഫ്രണ്ട് ഓഫീസിൽ നിന്ന് അതാത് സെ
നൽകുന്നുണ്ട്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ന
27.10.2012-ലെ ജി.ഓ.(പി)56/2012/പി&എ.ആർ.ഡി ഉത്തരവിന് അനു
വിവരം സഹിതം സൂക്ഷിച്ചിട്ടില്ല. സാങ്കേതിക വിഭാഗത്തിന് പരി
ഫയലുകൾ കാലതാമസം ഇല്ലാതെ പരിശോധനയ്ക്ക് ശേഷം തിരി
എഞ്ചിനീയറിംഗ് വിഭാഗത്തിന് ഫീൽഡ് പരിശോധനയ്ക്കായി
ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നമ്പറിംഗ് ഫയലും പെർമിറ്റ് ഫയലും ക്ല
പദ്ധതികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന നടത്തിയി

അധികൃതർ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കേണ്ടതാ

(2) ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. അടിയന്തിരമായി നിധി രൂപ
സ്വീകരിക്കേണ്ടതാണ്.

(3) ആഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ ആവശേഷിക്കുന്ന
തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(4) ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി ക
ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്
ഉറപ്പുവരുത്തേണ്ടതാണ്.

(5) തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളു
കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക്
(അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും ന
തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

(6) സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതര
രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(7) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയ
രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേ

(8) സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷിക
കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗ
ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

(9) ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് കമ്മിറ്റി തു
യഥാസമയം ക്ലോസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(10) വിവിധ വരവിനങ്ങളുടെ ഡിമാന്റുകൾ യഥാസമയം സ
ചെയ്യേണ്ടതാണ്.

(11) പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അ
പേരിൽക്കൂട്ടുന്നതിനുള്ള നടപടികൾ പൂർണ്ണമാക്കേണ്ടതാണ്.

(12) ഗ്രാമപ്പഞ്ചായത്ത് പരിധിയിലള്ള പുറമ്പോക്കുകൾ കൈയ്യേ
വരുത്തുന്നതിന് മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്.

(13) തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവി
കൃത്യമാക്കേണ്ടതാണ്.

(14) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ പൂർണ്ണ
കൃത്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പേ ലഭി തീയ |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2015 മുതൽ 12-01-2016 വരെ | 2010-11– 2014-15 | 04-03-2 |
| പെർഫോമൻസ് ഓഡിറ്റ് | 10-06-2022 മുതൽ 15-06-2022 വരെ | 01/2022– 03/2022 | 16-06-2 |

## 1-11 നികുതി പിരിവ് ഊർജിതമാക്കേണ്ടതാണ്

തദ്ദേശസ്ഥാപനത്തിന്റെ നികുതി പിരിവ് ഡിമാന്റ് ചെയ്യ
കുറവാണെങ്കിൽ അപ്രകാരമുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദി
വികസന ഫണ്ടിൽ ഒരു ശതമാനം കുറവ് വരുത്തുന്നതിന് 18.10.2022-ലെ
ധന. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഏറത്ത്
മുൻവർഷത്തെ നികുതി പിരിവ് ഡിമാന്റ് ചെയ്യപ്പെട്ടതിന്റെ 90% ത
2023-24 വർഷം അനുവദിച്ച പൊതുവിഭാഗം വികസന ഫണ്ടിൽനിന്ന
വരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷവും 90 ശതമാനത്തി
പിരിവ് ആർജ്ജിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തുടർ
വസ്തുനികുതി പിരിവിൽ ഉണ്ടാകുന്ന കുറവ് മൂലമുള്ള നഷ്ടം ഒഴിവാക്ക
ശ്രദ്ധിക്കേണ്ടതാണ്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തന
നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന തദ്ദേശഭരണ സ്ഥ
സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നു
വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവയ്ക്കുന്ന പൊതുവിഭാഗം
വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർ
വെയിറ്റേജാണ് നൽകിയിട്ടുള്ളത്. അതുകാരണം തനത് വരുമ
ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേ
വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ല
ഗ്രാന്റിൽനിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന
വരുമാനം (Own Source Revenue) വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ
ഉണ്ടായിട്ടില്ല.

ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ വർദ്ധിപ്പിക്കുന്നതിനുള്ള ആലോചനകളോ, നിർദ്ദേശങ്ങളോ കമ്മിറ്റി ഉണ്ടായിട്ടില്ലെന്ന് കണ്ടു. ഉദാഹരണമായി ഇറച്ചി ലേലം ഇനത്ത പഞ്ചായത്തിൽ വരവില്ല. വർഷങ്ങളായി പഞ്ചായത്ത് പരിധിയിൽ മാ അവകാശം ലേലം ചെയ്ത് നല്കുന്നില്ല. ഇറച്ചി വില്പനയ്ക്കുള്ള സംവിധാ ലേലം ചെയ്യാത്തതിനാൽ ഈയിനത്തിൽ ലക്ഷങ്ങളുടെ വരവ് നഷ്ടമ ഉണ്ടാകുന്നത്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നികുതി-നിക സമാഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും നികുതി പി മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ഇത് സംബന്ധിച്ച് സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാൻ്റിംഗ് കമ്മി തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്ത് കമ്മിറ്റിയുടെ ക്ഷണിക്കുന്നു.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസാ ലൈസൻസ് ഫീസ് പിരിവിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല. വിവരം അനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് 1257 വ സ്ഥാപനങ്ങളുണ്ടെങ്കിലും 380 സ്ഥാപനങ്ങൾ മാത്രമാണ് തൻ എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക ലൈസൻസ് എടുക്കുന്നതിനും, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായത 29.11.2023-ലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു (തീരുമാനം ന വർഷം പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് തി ഇല്ലാത്ത സാഹചര്യത്തിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത സാധിച്ചിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നല്കിയിരുന്നു (നം.12/24.07.2024). ആയതിന് മറുപടിയായി സഞ്ചയ പോർ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം കൂടുതലാണെങ്കിലും പ സ്ഥാപനങ്ങളും അടഞ്ഞു കിടക്കുകയാണെന്നും 2024-25 സാമ്പത്തിക തയ്യാറാക്കിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി/ഫീസ് പി ഉദ്യോഗസ്ഥർ തങ്ങൾക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെ ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതു പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാന സ്വീകരിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.എസ്. ഹാർഡ് വെ സ്ഥാപനത്തിന്റെ ലൈസൻസിനുള്ള അപേക്ഷയിൽ 80 ലക്ഷ

നിക്ഷേപമായി കാണിച്ചിട്ടുള്ളത്. FTEAOS ലൈസൻസ് ചട്ടങ്ങൾ പട്ടി മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലും എന്നാൽ 2 കോടി രൂപയ് മൂലധന നിക്ഷേപമുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 5000 ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ പ്രസ്തുത സ്ഥാ രൂപയാണ് ലൈസൻസ് ഫീസ് ഈടാക്കിയത് (രസീത് നം.1230101313/ ഫീസ് കുറവായി ഈടാക്കിയതിന്റെ കാരണം ആരാഞ്ഞ് നല്കിയ (നം.12/24.07.2024) മറുപടിയായി ടി സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവ

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വ ഇനത്തിൽ വലിയ തുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. ഗാർ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക ചുവടെ

| ഡിമാന്റ് | | | കളക്ഷൻ | | | ബാ | |
|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | വ |
| 360041 | 8393719 | 8753760 | 81586 | 7696980 | 7778566 | 287203 | 7 |

വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ഏ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് വിവരം |
|---|---|---|
| 1 | 1/703 | മാനേജർ, റിലയൻസ് ഇൻഫ്രാടെക്ക്, മൊബൈൽ ടവർ |
| 2 | 1/28 A | സൈമൺ ചെറിയാൻ, സൺഷൈൻ, മണക്കാല |
| 3 | 2/2 UA | മോളി സോളമൻ, മോളി ഭവൻ, വെള്ളക്കുളങ്ങര, |
| 4 | 4/440-4/515 | ദി കമാൻഡന്റ്, കെ.എ.പി. 3 ബറ്റാലിയൻ, വടക്കടത്തുകാവ് |
| 5 | 4/736 | ഹച്ചിസൺ എസ്സാർ, സെല്ലുലാർ, എറണാകുളം |
| 6 | 6/662 | സുനിൽ കുമാർ, സുനിൽ ഭവൻ |
| 7 | 8/281 | കേരള വാട്ടർ അതോറിറ്റി വക കെട്ടിടം, പുതുശ്ശേരിഭാഗം, വയല |
| 8 | 12/670 | ഷാജി, ഷാജി ഭവൻ |
| 9 | 15/69 | സുധാകരൻപിള്ള, ശ്രീകല്പം |
| 10 | 15/248A | അനീസ് മോൻ, ബഷീർ മൻസിൽ |
| 11 | 16/105 | ഗോപിനാഥൻ, ജിഷ്ണു നിവാസ് |

| | | |
|---|---|---|
| 12 | 16/421 | രത്നമ്മ എസ്, സിന്ധു സദനം |
| 13 | 16/422 | രത്നമ്മ, സന്ധ്യാ കാഷ്യൂ ഫാക്ടറി |

മേൽ വ്യക്തികളിൽ/സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക ഈ നടപടികൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓ (നം.08/22.07.2024) മറുപടിയായി, റവന്യൂ റിക്കവറി നടപടി ന ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്ക നടപടികൾ സ്വീകരിച്ച് അടിയന്തിരമായി കുടിശ്ശിക തുക പിരിച്ചെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 അനധികൃത നിർമ്മാണങ്ങളുടെ നികുതി നിർണ്ണ ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി നിർമ്മിച്ച വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഹാജ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ നിർമ്മാണം അവശേഷിക്കുന്നുണ്ട്. ഇതിൽ പല നിർമ്മാണങ്ങൾക്കും നികുതി സഞ്ചയ പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടു.

| വാർഡ് നം | വാർഡിന്റെ പേര് | രജിസ്റ്റർ പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം | ന ന ക എ |
|---|---|---|---|---|
| 1 | മണക്കാല | 4 | 0 | |
| 2 | വെള്ളാരംകുന്ന് | 6 | 0 | |
| 3 | അയ്യൻകോയിക്കൽ | 2 | 0 | |
| 4 | പരുത്തിപ്പാറ | 2 | 1 | |
| 5 | മുരുകൻകുന്ന് | 2 | 0 | |
| 6 | കിളിവയൽ | 1 | 1 | |
| 7 | വയല | 3 | 0 | |
| 8 | പുലിമല | 3 | 1 | |
| 9 | പുതുശ്ശേരിമല | 4 | 0 | |
| 10 | മഹർഷിക്കാവ് | 3 | 0 | |
| 11 | ചാത്തന്നുപ്പുഴ | 1 | 0 | |
| 13 | ചൂരക്കോട് | 1 | 1 | |
| ആകെ | | 32 | 4 | |

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പ ചെയ്താൽ സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച് 1994-ലെ കേരള പ 235AA വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹാനികൂടാതെ കെട്ടിടം പണി

വകുപ്പ് 233, ഉപവകുപ്പ് 2-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അ
ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അ
കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം
നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനി
രണ്ടിരട്ടിവരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാ
അനധികൃതമായി നിർമ്മിച്ചിട്ടുള്ള മേൽ പറഞ്ഞ കെട്ടിടങ്ങളുടെ
ഈടാക്കാതിരുന്നതുമൂലം പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉ
അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്ന് മേൽ പറഞ്ഞ പ്ര
നിർണ്ണയിച്ച് ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ്
(നം.18/26.07.2024) മറുപടിയായി, നികുതി നിർണ്ണയിച്ചിട്ടില്ലാത്ത കെ
നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന
അറിയിച്ചു.

2024 ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങ
ചട്ടങ്ങൾ (സ.ഉ (പി) നം. 24/2024/എൽ.എസ്.ജി.ഡി; തീയതി 09.02.2024) പ്ര
ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർ
അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാവുന്നതാണ്.
കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് അടിയന്തിരമായി ഈ ചട്ടങ്ങൾ പ്രകാരം
അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാ
ക്രമവത്ക്കരിക്കുന്നതു വരെ അനധികൃത കെട്ടിടങ്ങളുടെ നികുതി
ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 1-16-1 വാടകയിനത്തിൽ മുൻവർഷത്തെ കുടിശ്ശിക ഈടാക്കാനായിട്ടില്ല

വാടകയിനത്തിൽ 2022-23 വർഷത്തെ കുടിശ്ശികയായ
ഈടാക്കാനായിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ 3/487 നമ്പർ കടമുറി
എൻ സുകുമാരൻ, നാരായണി മന്ദിരം, വടക്കടത്തുകാവ് എന്ന വ്യക്തി
5 മാസത്തെ വാടക കുടിശ്ശികയാണ് ഈടാക്കാൻ അവശേഷ
പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതി
നല്കിയിരുന്നു (നം.5/22.07.2024). ടി കടമുറി വാടകയ്ക്കെടുത്ത
ഹൈക്കോടതിയിൽ WP© 33199/22 നമ്പരായി കേസ് ഫയൽ ചെയ്തിട്ടു
വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നതായും മറുപടി ലഭ്യമാക്കി
ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വര
അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേ

## 1-16 വാടക ഇനത്തിലുള്ള വരുമാനം കുറയുന്നു

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 3 വർഷങ്ങളിലെ വാടക ഇനത്തിലു
ബാലൻസ് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാല |
|---|---|---|---|
| 2021-22 | 215467 | 215467 | 0 |
| 2022-23 | 211620 | 193960 | 1766 |
| 2023-24 | 175272 | 175272 | 0 |

വാടകയുടെ ഡിമാന്റ്, കളക്ഷൻ ഇനങ്ങളിൽ കുറവ് ഉണ്ടാ വർഷങ്ങളിലെ പിരിവ് വിവരം പരിശോധിച്ചതിൽ വ്യക്തമായി. ആ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/22.07.2024) ന മറുപടിയിൽ, ബഹു.കേരള ഹൈക്കോടതിയിൽ WP© 1638/20, WP© 33 വ്യവഹാരം നടക്കുന്നതിനാൽ ഷോപ്പിംഗ് കോംപ്ലക്സിലെ 3/491, കടമുറികളുടെ വാടക അടവാക്കുന്നില്ലെന്നും ആയതിനാലാണ് വാ വന്നതെന്നും അറിയിച്ചിട്ടുണ്ട്. M.C. റോഡിനോടു ചേർന്നുള്ള പ കോംപ്ലക്സിലെ കടമുറികളുടെ നിർമ്മാണം 30 വർഷം മുൻപ് പൂർ അതിനുശേഷം നടത്തിയ ലേലത്തിൽ ലേലാവകാശം കൈക്കൊണ്ട അനന്തരാവകാശികളുമാണ് നിലവിലും കടമുറികൾ കൈവശം വച്ചി വാടകയിൽ 5% വർദ്ധനവ് വരുത്തുന്നുണ്ടെങ്കിലും ഒരേ ആള വർഷങ്ങളായി കടമുറികൾ വാടകയ്ക്ക് നല്കുന്നത്. പുനർലേലം നടത്ത വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വാണിജ്യ കെട്ടിടത്തിന് താല്ക്കാലിക ഒക്യുപെൻസ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്

ശ്രീമതി റോസമ്മ ബോബൻ, ഇലവിനാൽ മഠത്തിൽ കിഴക്കേ എന്നയാളിന്റെ ഉടമസ്ഥതയിൽ 5-ാം വാർഡിൽ റീസർവ്വേ നമ്പർ 17-2/ 126.04 ച.മീറ്റർ നിർമ്മിത വിസ്തീർണ്ണമുള്ള വാണിജ്യ ഗണത്തിൽപ്പെടുന 5/21B, 5/21C എന്നീ നമ്പരുകളിലായി താല്ക്കാലിക ഒക്യുപൻസി അന കെട്ടിടം കെ.പി.ബി.ആർ 2019 ചട്ടങ്ങൾ പാലിക്കാതെയാണ് പൂർ 22.10.2022-ന് നടന്ന സൈറ്റ് പരിശോധനയിൽ ഓവർസിയർ റിപ്പോ പഞ്ചായത്തിൽ നിന്ന് പെർമിറ്റ് അനുവദിക്കാതിരുന്നതിനെ തുടർ ശ്രീമതി റോസമ്മ ബോബൻ ബഹു.കേരളാ ഹൈക്കോടതിയെ സ കേസിന്മേൽ [WP(C) No.13854/2023] താല്ക്കാലിക ഒക്യുപൻസി അനുവദി ബഹു.ഹൈക്കോടതിയുടെ ഇടക്കാല വിധി വന്നിരുന്നു. ഇതിനെ ഭരണസമിതിയുടെ 06.05.2023-ലെ 9(1)-ാം നമ്പർ തീരുമാന പ്ര ഒക്ക്യൂപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇടക്കാല ഉത്തരവിന് കേസ് പരിഗണിച്ച സന്ദർഭത്തിൽ പഞ്ചായത്തിന് അ സമ്പാദിക്കുന്നതിനുവേണ്ടി എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടു വിവരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/2 കേസിന്മേൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല എന സത്യവാങ്മൂലം സമർപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശേ സ്വീകരിക്കേണ്ടതാണ്.

## 1-18 പ്രവർത്തിക്കാത്ത പൊതു ടാപ്പുകൾക്കും ജല അ നൽകുന്നു

പ്രവർത്തിക്കാത്ത പൊതുടാപ്പുകളുടെ കണക്ഷൻ വിഛേദിക്കുന്ന പ്രകാരം 2,86,200 രൂപ ജല അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 02.05.20

അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തില വിച്ഛേദിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചത്. 13.02.2024-ന് ജല അതോ ഏർപ്പെടുകയും 23.02.2024-ൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെ ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 02.05.2023-ന് ജല അതോറിറ്റി എസ്റ്റിമേ പ്രോജക്ട് തയ്യാറാക്കുന്നതിലും, തുക ഒടുക്കുന്നതിലും പഞ്ചായത്ത് കാല

കണക്ഷൻ വിച്ഛേദിക്കാൻ പണം അടച്ച് മാസങ്ങൾ കഴിഞ്ഞി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. നിലവിലും പ്രവർത്തന രഹിതമായ 357 പൊതുടാപ്പുകൾക്ക് പഞ്ചായത്ത് വെള്ളക്കരം ഒടുക്കിവരുന്നു. ഓഡ 4,33,130 രൂപ വീതം ആകെ 51,97,560 രൂപ വെള്ളക്കരം ഒടുക്കിയിട്ടുണ്ട്.

ജല അതോറിറ്റി വെള്ളക്കരം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹ രഹിതമായവ ഉൾപ്പടെ 357 ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കേണ്ടിവ താങ്ങാനാവാത്ത ബാധ്യതയാണ്. കണക്ഷൻ വിച്ഛേദിക്കാൻ പഞ്ചായ മാസങ്ങൾക്ക് ശേഷവും ജല അതോറിറ്റി പ്രവർത്തന രഹിതമാ നൽകുന്നത് ന്യായീകരിക്കാവുന്നതല്ല. ജല അതോറിറ്റിയുമായി വിച്ഛേദിക്കുന്ന പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അവശ്യമേഖലയിൽ ഒഴികെ പൂർണ്ണമായും വിച്ഛേദിക്കുന്നതും പഞ്ചായത്ത് പരിഗണിക്കേണ്ടതാ വിച്ഛേദിക്കുന്നതിന് കരാർവെച്ച തീയതി മുതലുള്ള ബില്ലുകളിൽ വെള്ളക്കരം കുറവു ചെയ്ത് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്ക നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാ

## 1-19 അഗതിരഹിതകേരളം പദ്ധതിയിൽ അനർഹർ - നൽകിയത് 1 മാസം മാത്രം

ഓഡിറ്റ് വർഷം അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തിട്ടില്ല. പദ്ധതിയുടെ ഗുണഭോ അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചില്ല.

10886200 രൂപ അടങ്കൽ വകയിരുത്തി 2019-20-ൽ അംഗീകാരം ഗുണഭോക്താക്കളാണുള്ളത്. ലഭ്യമായ ചലഞ്ച് ഫണ്ട് 2396600 മുൻവർഷങ്ങളിൽ ഭക്ഷണ വിതരണത്തിന് ഉപയോഗിച്ചു. വിക നാളിതുവരെ 1653421 രൂപ ലഭിച്ചതിൽ 1398621 രൂപയും പദ്ധതിക്കാ വികസന ഫണ്ട്, പലിശ, മുൻവർഷം കമ്പ്യൂട്ടർ വാങ്ങലിന് ജില്ലാ മ തുകയുടെ ബാക്കി എന്നീയിനങ്ങളിലായി ആകെ 901157 അവശേഷിക്കുന്നുണ്ട്.

ബാങ്ക് അക്കൗണ്ടിലെ പലിശയിൽ നിന്നും 63551 രൂപ വിനിയോഗി വിതരണം നടത്തിയതൊഴിച്ചാൽ ഓഡിറ്റ് വർഷം അഗതികൾ നൽകിയിട്ടില്ല. 31.03.2024-ൽ വികസന ഫണ്ടിൽനിന്നും 2000 ലഭ്യമാക്കിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 102627 രൂപ വിനിയോഗിച്ച് 2 നൽകി. ഇത് കൂടാതെ ഭവന നിർമ്മാണത്തിനായി ഒരു ഗുണഭോ

നൽകിയതാണ് പദ്ധതിയുടെ ഭാഗമായി നടന്ന മറ്റ് പ്രവർത്തനം. തുട
വിതരണം ചെയ്തിട്ടില്ല.

അഗതിരഹിതകേരളം പദ്ധതിക്കായി സർക്കാർ പുറപ്പെടു ഖണ്ഡിക 3.2.1.2 പ്രകാരം ചലഞ്ച് ഫണ്ട് ലഭ്യമാണെങ്കിൽ, ചല ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കായി പൊതുവിഭ ചെലവഴിക്കാൻ പാടില്ല. എന്നാൽ ഏതെങ്കിലും അവസരത്തിൽ ചല ലഭ്യമല്ലായെങ്കിൽ, അഗതിരഹിത കേരളം പദ്ധതിയിലെ ഏതെ പൊതുവിഭാഗം വികസനഫണ്ട് ചെലവഴിക്കാവുന്നതാണ്. ചലഞ്ച് ഫ വികസന ഫണ്ട് ഭക്ഷ്യധാന്യ വിതരണത്തിന് വിനിയോഗിക്കാമെന്നി മുടങ്ങാതെ ഭക്ഷ്യധാന്യ വിതരണം നടത്താതിരുന്നത് ഗൌരവതരമായ

പദ്ധതിയുടെ ഗുണഭോക്താക്കളിൽ അനർഹർ ഉൾപ്പെട്ടിട്ട അനർഹരെ ഒഴിവാക്കുന്നതിനുള്ള സർവ്വെ നടത്തുന്നതിന് തീരുമാനത്തിനായി സി.ഡി.എസ്. കത്ത് നൽകിയെങ്കിലും സർ അനർഹരെ ഒഴിവാക്കുന്നതിനോ പഞ്ചായത്ത് യാതൊരു നടപടി പദ്ധതിയുടെ ഏത് ഘട്ടത്തിലും ഗുണഭോക്താക്കൾ അനർഹരെന്ന് പദ്ധതിക്കായുള്ള വിലയിരുത്തൽ സമിതി അവരെ ഒ ഒഴിവാക്കുന്നതിനുള്ള ശുപാർശ കുടുംബശ്രീ ജില്ലാമിഷന് അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയിൽ സർക്കാർ വ്യക അഗതികളുടെ ലിസ്റ്റിൽ ഒട്ടേറെ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് ജനപ്രതിനിധികളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞിട്ടും അവരെ ഒ സ്വീകരിക്കാതിരുന്നത് അപലപനീയമാണ്.

**ഓഡിറ്റ് നിർദ്ദേശം**

1) അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റി ഒഴിവാക്കുന്നതിനും, അർഹരായവർക്ക് എല്ലാ മാസവും മുടങ്ങാ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2) കർമ്മ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.

3) ഭക്ഷ്യധാന്യ വിതരണത്തിന് പുറമേ, അഗതി രഹിത കേരളം പ സേവന പാക്കേജ് പ്രകാരമുള്ള മറ്റ് അനുകൂല്യങ്ങൾ കൂട ലഭ്യമാക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിന് മു ഏറ്റെടുത്ത പദ്ധതികൾക്ക് തുടർമോണിട്ടറിംഗ് ഇല്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷ നമ്പർ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ 600000 രൂപ ചെലവഴിച്ചിരുന്നു. 200 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 300 റിവോൾവിംഗ് ഫണ്ട് നൽകിയത്. എന്നാൽ അവ റിവോൾവിംഗ് വിജയകരമായി സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ടോയെ

ഉണ്ടാക്കിയിട്ടുണ്ടോയെന്നും മോണിട്ടറിംഗ് നടത്തിയിട്ടില്ല. പ്രസ്തുര നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/22.7.2024) മറുപടി ലഭ്യമാക്കി

2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്ര ചുമതലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാ ധനസഹായം നൽകിയതിന് 2 ലക്ഷം രൂപയും (പ്രോ.നം. വിഭാഗത്തിലുള്ള ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്ക നൽകിയതിന് 330000 രൂപയും (പ്രോ.നം.S0242/22) ചെലവഴിച്ചിട്ടുണ്ട്. ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | നൽകിയ ധനസഹായ |
|---|---|---|
| പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട SO242/22 | ഉഷ ആർ | 55000 |
| | വിജയകുമാരി | 55000 |
| | ഷിജി രാജൻ എൻ | 55000 |
| | ഷേർലി പാപ്പച്ചൻ | 55000 |
| | ഏലിയാമ്മ | 55000 |
| | ലിസ്സി | 55000 |
| പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് പെട്ടിക്കട SO241/22 | സോമരാജൻ | 40000 |
| | അജി കെ | 40000 |
| | സുമതി | 40000 |
| | വിക്രമൻ | 40000 |
| | ലത | 40000 |

പെട്ടിക്കടകൾക്ക് ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ ഇവ ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല. ഇത് സംബന്ധ അന്വേഷണത്തിനും മറുപടി ലഭിച്ചിട്ടില്ല.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് ജീവനോപാധി ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈ പരിശോധിക്കാതിരുന്നതും, പദ്ധതികൾ തുടർ മോണിട്ടറിംഗിന് വിധ വീഴ്ചയാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

ടി പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് വിധേയമാക്കേണ്ടതാണ്.

## 1-21 ജലജീവൻമിഷൻ പദ്ധതി - മോണിട്ടറിംഗ് ഇല്ല

ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട്, വിശദമായ എസ്റ്റി ഏനാദിമംഗലം, ഏഴംകുളം, ഏറത്ത്, കലഞ്ഞൂർ പഞ്ചായത്തുകൾക്കാ രൂപയുടെ പദ്ധതിക്കാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. ഏറത്ത് വാർഡുകളിലുമായി 190 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ

പദ്ധതിക്കായി വാട്ടർ ടാങ്കും പമ്പ് ഹൗസും സ്ഥാപിക്കുന്നതിന് ലക്ഷ
ആയതിന്റെ പണി ഇതുവരെയും ആരംഭിച്ചില്ല. പദ്ധതിയുടെ ഭാഗമാ
പ്രധാന ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം |
| --- |
| Laying 350 Mm DI K9 Clear Water Pumping Main From WTP To Existing GLSR |
| Laying 250 Mm DI K9 Pumping Main From Existing GLSR To Kannimala And Murukankunnu |
| Pump House |
| Erection Of Pumpsets For Pumping Clear Water From GLSR At Paruthipapra To Murukankunnu |
| " " " " From GLSR At Paruthipapra To Kannimala |
| Construction Of 10 LL Capacity OHSR At Kannimala |
| Construction Of 8LL Capacity OHSR At Murukankunnu |
| Household Pipeline Extension |

പദ്ധതിയിൽ ഉൾപ്പെട്ട 4 പഞ്ചായത്തുകളിലും പൈപ്പ് ലൈനു
കുഴിച്ച റോഡിന്റെ ഭാഗം പുനസ്ഥാപിക്കുന്നതിനുള്ള ചെലവിന
എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഏകോപനത്തി
റിപ്പോർട്ടുകളും പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുമായി Implementation S
സോളിഡാരിറ്റി, ഇടുക്കി എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെ
സ്ഥാപനവും, വാട്ടർ അതോറിറ്റിയും, പഞ്ചായത്തും തമ്മിലാണ് കരാറി

പഞ്ചായത്ത് പരിധിയിൽ 150 കിലോമീറ്റർ നീളത്തിൽ പൈപ്പ് ല
ചെയ്തിട്ടുണ്ടെന്നും, ആയതിൽ 10 കി.മീറ്റർ നീളത്തിൽ മാത്രമാണ് പൈ
കുഴിച്ച റോഡിന്റെ ഭാഗം ജലജീവൻ മിഷൻ പദ്ധതി മുഖേ
ആക്കിയിട്ടുള്ളതെന്നും, ഈ വിഷയത്തിൽ വിശദീകരണം ആരാ
ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/24.7.2024) മറുപടി ലഭ്യമാക്കി. പ്ര
കുഴിച്ച ഭൂരിഭാഗം റോഡുകളും പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ലെ
അപാകം ആണ്. പദ്ധതിയുടെ ഏത് ഘട്ടത്തിലും ആവശ്യമായ രേഖക
മുഖേന വാങ്ങി പഞ്ചായത്ത് പ്രവൃത്തിയുടെ മോണിട്ടറിംഗ് നടത്താവു
വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി മോണി
നാളിതുവരെ സംവിധാനം ഏർപ്പെടുത്താതിരുന്നത് പഞ്ചായത്തിന്റെ

**ഓഡിറ്റ് നിർദ്ദേശം**

പദ്ധതിയുടെ മോണിട്ടറിംഗ് അടിയന്തിരമായി നടത്തി പദ്ധതിയു
റോഡുകൾ ജലജീവൻ മിഷൻ പ്രോജക്ട് മുഖേന പൂർവ്വസ്ഥിതിയില
പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും സത്വരനടപടി സ്വീകരിക്ക

## 1-22 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ - പൂർണ്ണതോ നടപ്പാക്കിയില്ല

എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അ പൂർണ്ണതോതിൽ നടപ്പാക്കിയില്ല. സ്ഥാപിച്ച മൂന്ന് കമ്പോസ്റ്റ് യൂണിറ്റുക തുടർ മോണിട്ടറിംഗ് അനിവാര്യമാണ്.

2022-23-ൽ 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി സ്പിൽഓവർ പദ്ധതി പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള പുതുശ്ശേരിഭാ എൽ.പി.എസുകളിൽ 497428 രൂപ ചെലവഴിച്ച് ഓരോ തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിരുന്നു. തുടർന്ന് അവ സ്ഥിതി വശങ്ങൾ മറയ്ക്കുന്നതിന് 2023-24-ൽ പദ്ധതി ഏറ്റെടുത്തു. ഈ പദ്ധ ഓഡിറ്റ് വേളയിലാണ് പൂർത്തീകരിച്ചത്.

വടക്കടത്തുകാവ്, തുവയൂർ, വയലാ ഗവ.എൽ.പി.എസ ഓഫീസിലും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 20 അടങ്കൽ വകയിരുത്തി പുതിയ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. എന്ന ലഭ്യമല്ലാഞ്ഞതിനാൽ വയലാ ഗവ.എൽ.പി.എസിൽ മാത്രമേ യൂണിറ്റ് സ്ഥാപിക്കുന്നതിന് 313764 രൂപയാണ് ചെലവഴിച്ചത്. ഈ കമ്പോ പ്രവൃത്തിപ്പിക്കുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യുന്നില്ല.

വടക്കടത്ത്കാവിലുള്ള കേരള ആംഡ് പൊലീസ് ബറ്റാലിയൻ ആ മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 514556 രൂപ, ശുചിത്വമിഷൻ ഫണ്ട് 1932 പദ്ധതി അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കിയില്ല. പൊലീസ് ജൈവമാലിന്യങ്ങൾ നിലവിൽ പഞ്ചായത്തിലെ ഒരു വലിയ മാലി ഇവിടെ മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ക വീഴ്ചയാണ്.

**ഓഡിറ്റ് നിർദ്ദേശം**

നടപ്പാക്കിയ പദ്ധതിയിന്മേൽ തുടർമോണിറ്ററിംഗ് നടത്തുന്നതിലേക്കു ജൈവമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതികൾ ഏ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 അടിസ്ഥാന സൗകര്യങ്ങളും, ലൈബ്രേറിയനും പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല

അന്തിച്ചിറയിൽ 1993-ലാണ് പഞ്ചായത്ത് ലൈബ്രറി പ്രവ ലൈബ്രറിയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. മുൻ വാർഷിക പദ്ധത കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടു കെട്ടിടത്തിന്റെ തറ ടൈൽ പാകുന്നതിനും, പെയിന്റിംഗിനുമായി വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. എന്നാൽ കഴിഞ്ഞ 10 ലൈബ്രറി പ്രവർത്തിക്കുന്നില്ല. ലൈബ്രേറിയന്റെ സേവനം ഫ്രണ്ട് ഓ സഹായിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ലൈബ്രറി ആരംഭിച്ചപ്പോ നൽകിയതല്ലാതെ തുടർന്ന് പഞ്ചായത്തിൽനിന്നും ലൈബ്ര

ലഭ്യമാക്കിയിട്ടില്ല. സ്വന്തമായി കെട്ടിടവും, പുസ്തകങ്ങളും, ലൈബ്ര ലൈബ്രറി പ്രവൃത്തിപ്പിക്കാത്തത് വീഴ്ചയാണ്. നാട്ടിലെ സാംസ്കാരി കേന്ദ്രമാകേണ്ടിയിരുന്ന ഒരു സ്ഥാപനമാണ് അധികൃതരുടെ പിടിപ്പു രഹിതമായി കിടക്കുന്നത്. മാത്രവുമല്ല ലൈബ്രറി പ്രവർ ലൈബ്രേറിയനെ നിയമിച്ച് പഞ്ചായത്ത് ഫണ്ടിൽനിന്നും വേ ന്യായീകരണമില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിത് ക്ഷണിക്കുന്നു.

**ഓഡിറ്റ് നിർദ്ദേശം**

ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-24 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്ക് വ്യക്തമായ രേഖകളില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം, നിക്ഷേപ പ്രവൃത നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ 46,58,956 രൂപ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഏജൻസി | AFS പ്രകാരമുള്ള മുന്നിരിപ്പ് | തൻവർഷം നിക്ഷേപിച്ചത് | ആകെ | തൻവർഷം ക്രമീകരിച്ചത് |
|---|---|---|---|---|
| KWA | 566,753 | 2,86,200 | 8,52,953 | രേഖകൾ ലഭ്യമല്ല |
| KSEBL | 41,87,380 | 1,48,680 | 43,36,060 | രേഖകൾ ലഭ്യമല്ല |
| PWD | 49,748 | 0 | 49,748 | രേഖകൾ ലഭ്യമല്ല |
| Others | 1,66,600 | 0 | 1,66,600 | രേഖകൾ ലഭ്യമല്ല |
| **ആകെ** | | | | |

സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചി നിക്ഷേപിച്ചതും ക്രമീകരിക്കുവാൻ അവശേഷിച്ചിരുന്നതുമായ തിരിച്ചുള്ള വിശദവിവരം അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല. പ്രവൃത്തികളുടെ നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയ തുകയുടെ വിവരം, വിനിയോഗ അടിസ്ഥാനത്തിൽ ഓരോ വർഷവും ക്രമീകരിച്ചിട്ടുള്ള തുകയുടെ വർഷാവസാനം ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വ്യക്തതയില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടു കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച ആകെ തുകയിൽ 2, ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച ആകെ തുകയിൽ 4,60,20 ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി തുകയുടെ വിനി

ലഭ്യമല്ല. നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണം തദ്ദേശ സ്ഥാപ
